**പതിനാലാം കേരളനിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 140** — **25.04.2017-ൽ മറുപടിക്ക്**

## മദ്രസാ അധ്യാപകന്റെ കൊലപാതകം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ അടുത്ത കാലത്ത് മദ്രസ അധ്യാപകനെ കൊലപ്പെടുത്തിയ വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;<br>(ബി) ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20/03/2017-ാം തീയതി ഉദ്ദേശ്യം രാത്രി 12 മണിയോടുകൂടി കാസർഗോഡ് പഴയ ചൂരി ജുമാ മസ്ജിദിലെ മദ്രസാ അധ്യാപകൻ ടി.എസ്. മുഹമ്മദ് റിയാസ് എന്നയാൾ കൊല ചെയ്യപ്പെട്ടത് സംബന്ധിച്ച് കാസർഗോഡ് പോലീസ് സ്റ്റേഷൻ ക്രൈം നം. 210/17 u/s 450, 302 r/w 34 IPC & added section 102(1), 153(A) IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ 1) ആജേഷ് എന്ന അപ്പു, S/o. സുബ്രഹ്മണ്യൻ, 2) നിഥിൻ എന്ന ചെത്തിരി, S/o. ശിവൻ, 3) അഖിലേഷ് എന്ന അഖിൽ, S/o. സുരേഷ് എന്നിവർ പ്രതികളായിട്ടുള്ളതും ടി പ്രതികളെ അറസ്റ്റ് ചെയ്ത് ബഹുമാനപ്പെട്ട കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ടിയാന്മാർ ജുഡീഷ്യൽ കസ്റ്റഡിയിലുമാണ്. |
| (സി) പ്രതികളെ എല്ലാവരെയും പിടികൂടിയിട്ടുണ്ടോയെന്നും പ്രതികൾക്ക് ഏതെങ്കിലും സംഘടനയുമായോ രാഷ്ട്രീയ പാർട്ടി-യുമായോ ബന്ധമുണ്ടോയെന്നും വിശദമാക്കുമോ; | (സി) ടി കേസ്സിലെ 3 പ്രതികളേയും 23/03/2017 തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്. ടി പ്രതികൾ ആർ.എസ്.എസ്. അനുഭാവികളാണെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. |
| (ഡി) മേൽ കൊലപാതകവുമായി ബന്ധപ്പെട്ട് ഗൂഢാലോചന അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) ഇതു സംബന്ധിച്ച കേസ്സിന്റെ അന്വേഷണം പൂർത്തിയായാൽ മാത്രമേ ഗൂഢാലോചന ഉൾപ്പെടെയുള്ള കാര്യങ്ങൾ വെളിവാകുകയുള്ളു. |

**സെക്ഷൻ ഓഫീസർ**